പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2011 01.02.2018-ലെ മറുപടിക്ക്

## കണ്ടക്ടർ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എസ് .ശബരീനാഥൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ കണ്ടക്ടർ നിയമനത്തിനായി റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ; എന്നാണ് അവസാനമായി കണ്ടക്ടർ നിയമനത്തിനായി നിയമന ശുപാർശ നടത്തിയിട്ടുള്ളത്; എത്ര പേർക്കാണ് നിയമന ശുപാർശ നൽകിയിട്ടുള്ളത്; ഇതിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; ഇല്ലെങ്കിൽ നിയമനം നൽകാതിരിക്കാനുള്ള കാരണം എന്താണ്; | (എ) | കെ.എസ്.ആർ.ടി.സിയിൽ കണ്ടക്ടർ നിയമനത്തിനായി റാങ്ക് ലിസ്റ്റ് നിലവിലില്ല. 31.12.2016-ൽ ആണ് അവസാനമായി കണ്ടക്ടർ നിയമനത്തിനായി നിയമന ശുപാർശ ലഭ്യമായിട്ടുള്ളത്. 4051 പേർക്കാണ് നിയമന ശിപാർശ നൽകിയിട്ടുള്ളത്. ഇതിൽ നിന്നും നിയമന നടപടികൾ ആരംഭിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി യെ പുനരുദ്ധരിക്കുന്നതിന് വേണ്ടി കോർപ്പറേഷനെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പ്രൊഫ. സുശീൽ ഖന്നയെ നിയോഗിച്ചിട്ടുണ്ട്. ശ്രീ. ഖന്നയുടെ ഇടക്കാല റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അന്തിമ റിപ്പോർട്ടിന് വിധേയമായി മാത്രമെ ഇക്കാര്യത്തിൽ തുടർ നടപടി സാധ്യമാവുകയുള്ളൂ. |
| (ബി) | കെ.എസ്.ആർ.ടി.സി.യിൽ 2016 ഡിസംബറിൽ പി.എസ്.സി. വഴി എത്ര പേർക്ക് നിയമന ശുപാർശ നൽകിയിരുന്നു; ഇതിൽ എത്ര | (ബി) | കെ.എസ്.ആർ.ടി.സിയിൽ 2016 ഡിസംബറിൽ പി.എസ്.സി വഴി 60 ഡ്രൈവർമാർക്ക് നിയമന ശുപാർശ ലഭ്യമായിട്ടുണ്ട്. അതിൽ മുഴുവൻ പേർക്കും നിയമനം |

| | | | |
|---|---|---|---|
| | പേർക്ക് നിയമനം നൽകിയിട്ടുണ്ട്; നൽകിയിട്ടില്ലെങ്കിൽ ചട്ടങ്ങൾ പ്രകാരം നിയമനം നൽകാത്തതിനാൽ പകരം എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | | നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സിയിൽ 2016 ഡിസംബറിൽ പി.എസ്.സി വഴി 4051 കണ്ടക്ടർമാർക്ക് നിയമന ശുപാർശ നൽകിയിരുന്നു. ഇതിൽ നിയമന നടപടികൾ ആരംഭിച്ചിട്ടില്ല. |
| (സി) | നിയമന ശുപാർശ ലഭിച്ച് ജോലി ലഭിക്കാതെ കഴിയുന്നവരിൽ ഏറെയും ഇനി ഒരു പരീക്ഷ എഴുതി ജോലി നേടാൻ വയസ്സ് അധികരിച്ചവർ ആണെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ കെ.എസ്.ആർ.ടി.സി. യിൽ നിയമനത്തിന് വേണ്ട നടപടി സ്വീകരിക്കുമോ; | (സി) | പ്രൊഫ. സുശീൽ ഖന്ന കമ്മീഷന്റെ പുനരുദ്ധാരണ നടപടികൾ നടന്നു കൊണ്ടിരിക്കുന്നതിനാൽ ആയത് പൂർത്തീകരിച്ച് ഒഴിവുകൾക്ക് സാധ്യതയുണ്ടെങ്കിൽ നിയമന നടപടികളുമായി കോർപ്പറേഷൻ മുന്നോട്ടു പോകും. |
| (ഡി) | നിയമന ശുപാർശ ലഭിച്ച ഇവർക്ക് ഇവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ മറ്റു വകുപ്പുകളിൽ സമാനമായ ശമ്പള സ്കെയിലിലെ തസ്തികകളിലേക്ക് ജോലിയ്ക്ക് പരിഗണിക്കുമോ? | (ഡി) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ